## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1401** **11.08.2017 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. കെ.ഡി. പ്രസേനൻ**<br>**ശ്രീ. ആന്റണി ജോൺ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അതുവഴി ഓണക്കാലത്തും മറ്റ് ഉത്സവകാലത്തും ഉണ്ടാകുന്ന അമിതമായ വില വർദ്ധനവ് തടയുന്നതിനും ആവിഷ്ക്കരിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഓണക്കാലത്തും മറ്റ് ഉത്സവകാലത്തും ഉണ്ടാകുന്ന അമിതമായ വില വർദ്ധനവ് തടയുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>കർഷകന് അവരുടെ ഉല്പന്നങ്ങൾക്ക് മൊത്ത വ്യാപാര വിലയെക്കാൾ 10 ശതമാനം കൂടിയ നിരക്ക് നൽകി സംഭരണം നടത്തുകയും ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയെക്കാൾ 30 ശതമാനം കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുകയും ചെയ്യുന്നു. ആകെ 1500 പഴം പച്ചക്കറി സ്റ്റോളുകളാണ് ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 3 വരെ തുറക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ബി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക സോൺ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; ഇതു വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ബി) പച്ചക്കറി കൃഷിക്കായി ദേവികുളം, കഞ്ചിക്കോട്, പഴയന്നൂർ, ചിറ്റൂർ - കൊല്ലങ്കോട് മേഖലകളിൽ പ്രത്യേക കാർഷിക സോൺ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ വിത്തു മുതൽ വിപണി വരെ എല്ലാ മേഖലകളിലുമുള്ള |

സമഗ്ര വികസനം വഴി പരമാവധി ഉൽപാദനവും കർഷകർക്ക് നല്ല വില ലഭിക്കത്തക്ക വിധത്തിലുള്ള വിപണന സൗകര്യം ഒരുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വിളകളുടെ മൂല്യവർദ്ധനവിനും അതോടൊപ്പം പരമാവധി വില ലഭിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കുക, ഇതുവഴി കാർഷികവൃത്തി ആദായകരമായി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ അന്തിമ ലക്ഷ്യം.

സി) സംസ്ഥാനത്ത് രാസകീടനാശിനി ഒഴിവാക്കിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനും അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നത് തടയുന്നതിനും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതും മാർക്കറ്റുകളിൽ വിൽപ്പനയ്ക്ക് എത്തുന്നതുമായ പച്ചക്കറികൾ സുരക്ഷിതമാണോ (safe to eat) എന്നു പരിശോധിക്കുന്നതിനും ആയത് പൊതുജനങ്ങളെ അറിയിക്കുന്നതിനും ആയുള്ള ഒരു പദ്ധതി പച്ചക്കറി വികസന പദ്ധതി 2017-18 - ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൃഷിയിടങ്ങളിൽ നിന്നും മാർക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ തിരുവനന്തപുരം വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ (PRRAL) എത്തിച്ചാണ് കീടനാശിനിയുടെ അംശം കണ്ടുപിടിക്കുന്നത്. പരിശോധനഫലങ്ങൾ കേരള സർക്കാരിന്റെ വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു.

Mayap

**സെക്ഷൻ ഓഫീസർ**